

# തെക്കൻ താണിശ്ശേരി സെന്റ് സേവിയേഴ്സ് ഇടവക

19-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലാണ് താണിശ്ശേരികര, കുഴൂർകര, പൂപ്പത്തികര, മടത്തുംപടികര എന്നിവിടങ്ങളിലായി വ്യാപിച്ചു കിടന്നിരുന്ന ക്രൈസ്തവകുടുംബങ്ങൾ ഒരു സംഘടിത വിശ്വാസസമൂഹമായി രൂപാന്തരപ്പെട്ടത്. തങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കായി അമ്പഴക്കാട്‌വരെ പോയിവരിക ദുഷ്ക്കരമായിരുന്നു. ഒരുമിച്ചു കൂടുന്നതിനും, പ്രാർത്ഥിക്കുന്നതിനും വേണ്ടി വൈക്കോൽ കൊണ്ടുള്ള ഒരു ഷെഡ് നിർമ്മിക്കാൻ തീരുമാനിച്ചു. ഹൈന്ദവരുടെ സ്വാധീനമുള്ള കുഴൂർ ഓട്ടുപുറം പ്രദേശത്തും താണൂർ ഭാഗത്തും തുടർന്ന് കാക്കുളിശ്ശേരി പ്രദേശത്തും ഷെഡ് വച്ചുകെട്ടാൻ ശ്രമിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പ്രായോഗികമായില്ല. അവസാനം ജലദൗർലഭ്യമുള്ള വെള്ളാട്ടുകുന്നിൽത്തന്നെ (ഇപ്പോൾ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം) പള്ളി സ്ഥാപിക്കുവാനാണ് നിശ്ചയിച്ചത്. പള്ളിക്കുവേണ്ടിയുള്ള സ്ഥലം പോട്ടേപറമ്പിൽ, കാച്ചപ്പിള്ളി എന്നീ വീട്ടുകാർ ദാനമായി നല്കി.

## പള്ളി

ഇപ്രകാരം 1807-ൽ ലഭിച്ച സ്ഥലത്ത് ആദ്യം വൈക്കോൽ മേഞ്ഞ്, പനമ്പുകൊണ്ട് മറച്ച ഒരു ഷെഡ് പണിതുവെന്നാണ് പാരമ്പര്യം. പിന്നീട്, ഓലമേഞ്ഞ ഒരു ഹാളും അതിന് മുകളിലായി മരക്കുരിശുമുള്ള ഒരു കുരിശുപള്ളിയായിത്തീർന്നു. ക്രമേണ അൾത്താരയും മദ്ബഹായും പണിതു. എന്നാൽ, ശക്തിയായ കാറ്റിൽപെട്ട് അൾത്താരയൊഴികെയുള്ള ഷെഡ് തകർന്ന് വീഴുകയും അതിനെത്തുടർന്ന് അടിത്തറയോടുകൂടിയ ബലവത്തായ ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തു. അമ്പഴക്കാട് പള്ളിയിൽ നിന്ന് കൊണ്ടുവന്ന വി. ഫ്രാൻസിസ് സേവ്യറിന്റെ രൂപം ഇവിടെ കുരിശുപള്ളിയിൽ പ്രതിഷ്ഠിക്കുകയുണ്ടായി. വരാപ്പുഴയുടെ അധീനതയിൽ നിന്ന് മാറി തൃശ്ശൂർ വികാരിയാത്ത് സ്ഥാപിതമായ കാലഘട്ടമായിരുന്നു അത്. അന്നത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന അഭിവന്ദ്യ അഡോൾഫ് ഇ. മെഡ്‌ലിക്കോട്ടിന്റെ (1887-69) അനുവാദപ്രകാരം അമ്പഴക്കാട് പള്ളിയുടെ ഒരു കുരിശുപള്ളിയായി പരിഗണിച്ച് ഞായറാഴ്ചകളിലും മറ്റു വിശേഷദിവസങ്ങളിലും അമ്പഴക്കാട് പള്ളിയിൽ നിന്നുള്ള വൈദികർ വി. കുർബാനയർപ്പിച്ചു തുടങ്ങി.

## ഇടവക

പിന്നീട് സിമിത്തേരി അനുവദിച്ചുകിട്ടിയപ്പോൾ 19-ാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ അഭിവന്ദ്യ ജോൺ മേനാച്ചേരി പിതാവിന്റെ കാലഘട്ടത്തിലാണ്



ഇടവക പള്ളിയുടെ പടിഞ്ഞാറേ മുഖവാരം

ഇതിനെ ഇടവകപ്പള്ളിയായി ഉയർത്തിയതും വികാരിയെ പ്രത്യേകം നിയമിച്ചതും. കല്ലുകൊണ്ട് നിർമ്മിച്ച ഉറപ്പേറിയ അൾത്താരയും മദ്ബഹായും ഉള്ള പള്ളി പണിതത് 1900-ന് ശേഷമാണ്. അതോടൊപ്പം വൈദികമന്ദിരവും നിർമ്മിക്കുകയുണ്ടായി.

## പുരോഗതിയുടെ പാതയിൽ

പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ചിന്തയോടെ ഈ ഗ്രാമപ്രദേശത്തെ കുട്ടികളുടെ പ്രാഥമിക പരിശീലനത്തിനുവേണ്ടി വികാരി ബഹു. ജോർജ്ജ് പുതുശ്ശേരിയച്ചൻ 1927-ൽ പ്രൈമറി സ്കൂൾ ആരംഭിച്ചു. പിന്നീട്, ബഹു. പാലയൂർ മാത്തു അച്ചന്റെ കാലഘട്ടത്തിൽ 1945-ൽ ബഹു. ക്ലാരിസ്റ്റു സിസ്റ്റേഴ്സ് യു.പി. സ്കൂൾ തുടങ്ങുകയും 1947-ൽ അവരുടെ മഠം സ്ഥാപിക്കുകയും ചെയ്തു. യു.പി. സ്കൂൾ ക്രമേണ ഹൈസ്ക്കൂളായി വളർന്നു.

1951-ൽ കുഴൂർ പള്ളി സ്ഥാപിതമായി. 1957-ൽ ആരംഭിച്ച മടത്തുംപടി കുരിശുപള്ളി ഇടവകയായിത്തീർന്നപ്പോൾ ആ ഭാഗത്തുള്ളവർ അവിടെ ഇടവക ചേർന്നു.

ഈ ഇടവകയുടെ ചരിത്രത്തിൽ കൂടുതൽ കാലം സേവനമനുഷ്ഠിച്ച ബഹു. ജോൺ ചെറുനിലം അച്ചന്റെ കാലഘട്ടം (1960-72) ഇടവയെ ആത്മീയമായി പരിപോഷിപ്പിക്കുന്നതിലും അതോടൊപ്പം ആധുനികവത്ക്കരിക്കുന്നതിലും ഏറെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്താണ് പഴയപള്ളിക്ക് തെക്കോട്ട് നീട്ട് (wing) ഉണ്ടാക്കിയതും പള്ളി ബലവത്താക്കാൻ വേണ്ടി തൂണുകൾ നിർമ്മിച്ചതും പള്ളി വൈദ്യുതീകരിച്ചതും. സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിനും ഉത്സുകനായിരുന്നു അദ്ദേഹം.

പിന്നീട് ബഹു. ആന്റണി ഐനിക്കലച്ചൻ വികാരിയായിരുന്നപ്പോൾ തിരുമുക്കുളം പ്രദേശത്ത് 1975-ൽ സ്ഥാപിച്ച കുരിശുപള്ളി യഥാകാലം സ്വതന്ത്ര ഇടവകയായി. ബഹു. ആന്റണി പറോക്കാരനച്ചന്റെ നേതൃത്വത്തിലാണ് പള്ളിയുടെ 175-ാം വർഷ ജൂബിലി സമാഘോഷിച്ചതും സിമിത്തേരി മനോഹരമായി പുതുക്കിപ്പണിതതും.

## കുരിശുപള്ളികൾ

1976-ൽ തുമ്പരശ്ശേരിയിലും, 1977-ൽ കാക്കുളിശ്ശേരിയിലും കുരിശുപള്ളികൾ ആരംഭിച്ചു. തുമ്പരശ്ശേരി പള്ളി പിന്നീട് സ്വതന്ത്ര ഇടവകയായി. കൂടാതെ, ഇടവകയുടെ പരിധിയിൽപെട്ട സ്നേഹപുരം എന്ന സ്ഥലത്ത് നിലനിന്നിരുന്ന പഴയ സെന്റ് മേരീസ് കപ്പേള വിസ്തൃതമാക്കി വി. കുർബാനയർപ്പിക്കുന്ന ഒരു കുരിശുപള്ളി സ്ഥാപിച്ചിട്ടുണ്ട്. കുഴൂർ പ്രദേശത്ത് ഈയിടെ സ്ഥാപിതമായ സെന്റ് സെബാസ്റ്റ്യൻസ് കുരിശു



സെന്റ് ജോസഫ് കുരിശുപള്ളി, കാക്കുളിശ്ശേരി



സെന്റ് മേരീസ് കുരിശുപള്ളി, സ്നേഹപുരം

പള്ളിയിലും ഞായറാഴ്ചകളിൽ സൗകര്യാർത്ഥം വി. കുർബാന അർപ്പിക്കപ്പെടുന്നു.

## നവീന ദേവാലയം

വീടുകൾ വർദ്ധിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ ബഹു. ജോസ് പഴയാറ്റിലച്ചന്റെ കാലഘട്ടത്തിലാണ് പുതിയ പള്ളി പണിയാൻ തീരുമാനമെടുത്തതും, ഇന്ന് കാണുന്ന പുതിയ പള്ളിയുടെ ശിലാസ്ഥാപനം നടത്തി പണികൾ ആരംഭിച്ചതും. 1991 ആഗസ്റ്റ് മാസത്തിൽ ഇടവകയുടെ സാരഥ്യം



സെന്റ് സെബാസ്റ്റ്യൻ കുരിശുപള്ളി, കുഴൂർ

ഏറ്റെടുത്ത ബഹു. ജോൺ വാഴപ്പിള്ളി (Sr.) അച്ചന്റെ നേതൃത്വത്തിലാണ് പള്ളിയുടെ നിർമ്മാണം പൂർത്തീകരിച്ചത്. അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് നവീന ദേവാലയത്തിന്റെ കൂദാശാകർമ്മം 22.4.1993-ൽ നിർവ്വഹിച്ചു. ബഹു. ജോൺ വാഴപ്പിള്ളിയച്ചൻ ഇവിടെ വികാരിയായിരിക്കവെയാണ് 1995 മാർച്ച് 25 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

## വൈദികമന്ദിരം

ബഹു. ജോൺ വാഴപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ പുതിയ വൈദികമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായിരുന്നു. ബഹു. ജോസഫ് പടമാടൻ അച്ചന്റ ശുശ്രൂഷയുടെ ആദ്യഘട്ടത്തിൽ അഭിവന്ദ്യപിതാവുതന്നെയാണ് 1995 ജൂലൈ 30-ന് ആശീർവാദകർമ്മം നിർവ്വഹിച്ചത്.

## പാരിഷ്ഹാൾ

ഒരു പാരിഷ്ഹാൾ എന്ന ആശയം വികാരി (2006-2009) പെ. ബഹു. പോൾ ഇളംകുന്നപ്പുഴയച്ചന്റെ നേതൃത്വത്തിൽ പ്രായോഗികമാക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി വെഞ്ചിരിക്കുകയുണ്ടായി. റവ. ഫാ. ജോർജ്ജ് മംഗലനാണ് ഇപ്പോഴത്തെ വികാരി.

## വിവിധ സ്ഥാപനങ്ങൾ

പള്ളിയുടെ എൽ.പി. സ്ക്കൂളിന് പുറമെ പരി. വ്യാകുലനാഥയുടെ നാമധേയത്തിലുള്ള എഫ്.സി.സി. കോൺവെന്റും അവരുടെ വക സെന്റ് ആന്റണീസ് ഹൈസ്ക്കൂളും നല്ലനിലയിൽ പ്രവർത്തിക്കുന്നു. കോൺവെന്റിനോട് ചേർന്ന് വിമൽ ഭവൻ ചിൽഡ്രൻസ് ഹോം എന്ന പേരിൽ ഒരു ബാലികാഭവനം 1981-ൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1975 മുതൽ വനിതാലയ എന്ന സോഷ്യൽ സെന്ററും സേവനത്തിന്റെ പാതയിൽ മുന്നേറുന്നു.



വൈദിക മന്ദിരം



പാരിഷ് ഹാൾ



വ്യാകുലമാത എഫ്.സി.സി. കോൺവെന്റ്



സെന്റ് ആന്റണീസ് യു.പി. സ്ക്കൂൾ



എഫ്.സി.സി. വിമൽ ഹോം



സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ (എഫ്.സി.സി.)



സെന്റ് സേവിയേഴ്സ് എൽ.പി. സ്ക്കൂൾ



വിവാഹസഹായ നിക്ഷേപ പദ്ധതി ഓഫീസ്



പഴയ പള്ളി



സെന്റ് സെബാസ്റ്റ്യൻ കപ്പേള,
വിളക്കുംകാൽ



സെന്റ് ആന്റണീസ് കപ്പേള,
താണിശ്ശേരി



സെന്റ് സേവിയേഴ്സ് കപ്പേള



സെന്റ് തോമാസ് കപ്പേള